പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4721 19-05-2017-ൽ മറുപടിക്ക്

കേരള ലീഗൽ സർവ്വീസസ് അതോറിറ്റി

**ചോദ്യം**

4721. ശ്രീ. എ.എം.ആരിഫ്
ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. എ.എൻ.ഷംസീർ
ശ്രീ. ഐ.ബി. സതീഷ്

**ഉത്തരം**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പൊതുജനങ്ങൾക്ക് സൗജന്യമായി നിയമസഹായം നൽകുന്നതിനായി രൂപീകരിച്ച കേരള ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ)യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | ഉണ്ട് |
| (ബി) | നിലവിൽ എന്തെല്ലാം നിയമസഹായങ്ങളാണ് കെൽസയിൽ നിന്നും ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ ; | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി യുടെ ആഭിമുഖ്യത്തിൽ ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ ഇതര തർക്ക പരിഹാര കേന്ദ്രങ്ങൾ (എ.ഡി.ആർ. സെന്റർ), പെർമനെന്റ് ലോക് അദാലത്തുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാത്തതുമായ, നിയമപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തു |

| | | |
|---|---|---|
| | | കളിലൂടെ ഒത്തുതീർപ്പാക്കാവുന്നതാണ്. എല്ലാ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളും സ്ഥിരമായി അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയ നിയമസേവന അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം വിവിധ വിഷയങ്ങളിൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാതലത്തിലും താലൂക്ക്തലത്തിലും ദേശീയ ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സഞ്ചരിക്കുന്ന ലോക് അദാലത്ത് വാൻ വഴി പഞ്ചായത്തുകളിലെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലും അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നു. നോട്ടിഫൈ ചെയ്ത പബ്ളിക് യൂറ്റിലിറ്റി സർവ്വീസുകളിലെ പ്രശ്ന പരിഹാരത്തിന് വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പെർമനെന്റ് ലോക് അദാലത്തുകൾ പ്രവർത്തിക്കുന്നു. കേരളത്തിൽ 14 ജില്ലാ സെന്ററുകളിലും, മാവേലിക്കര, വടക്കൻ പറവൂർ എന്നിവിടങ്ങളിലുമായി 16 എ.ഡി.ആർ. സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ 44 മീഡിയേഷൻ സബ്സെന്ററുകളും പ്രവർത്തിക്കുന്നു. കോടതികളിൽ നിലനിൽക്കുന്ന കേസുകൾ മീഡിയേഷനിലൂടെ രമ്യമായി പരിഹരിക്കപ്പെട്ടുവരുന്നു.<br><br>**<u>നിയമസഹായം</u>**<br>കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം അർഹരായ വിഭാഗങ്ങൾക്ക് സൗജന്യ നിയമ സേവനം നൽകി വരുന്നു. കൂടാതെ ജയിലുകൾ, ആശുപത്രികൾ, പഞ്ചായത്ത് |

| | | |
|---|---|---|
| | | വില്ലേജ് ഓഫീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ആകെ 1324 നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. നിയമ സഹായത്തിന് അർഹരായ വിഭാഗങ്ങളെ താഴെ കൊടുക്കുന്നു.<br>1. സ്ത്രീകൾ.<br>2. കുട്ടികൾ.<br>3. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ.<br>4. പ്രകൃതി ക്ഷോഭത്തിനോ, വംശീയ അതിക്രമത്തിനോ ഇരയായവർ.<br>5. വ്യവസായ തൊഴിലാളികൾ.<br>6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ.<br>7. വികലാംഗർ.<br>8. നിർബന്ധിത വേലക്ക് വിധേയരാക്കപ്പെട്ടവർ; എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും<br>9. മറ്റുള്ളവർക്ക് 1,00,000/- രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും സൗജന്യ നിയമ സഹായം ലഭിക്കും. (വരുമാന പരിധി 3,00,000/- രൂപ വർദ്ധിപ്പിച്ച് കെൽസ റൂൾസ് ഭേദഗതി ചെയ്യുവാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്)<br>**<u>നിയമ അവബോധം</u>**<br>9-ാം ക്ലാസ്സിലും ഹയർ സെക്കന്ററിയിലും പഠിക്കുന്ന കുട്ടികൾക്കായി 'നിയമപാഠം' എന്ന് മലയാളത്തിലും 'ലെസ്സൺസ് ഇൻ ലോ' എന്ന് ഇംഗ്ലീഷിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നു. കൂടാതെ സ്ത്രീകൾക്കായി 'സ്ത്രീയും നിയമവും' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചു |

വരുന്നു.

സ്കൂൾ വിദ്യാർത്ഥികൾക്കായി ഭരണ ഘടന കർത്തവ്യങ്ങളെക്കുറിച്ചുള്ള **"എന്റെ രാജ്യം എന്റെ സ്വർഗ്ഗം** അതിന്റെ ഇംഗ്ളീഷ് പരിഭാഷയായ **മൈ നേഷൻ മൈ ഹെവൻ"** എന്ന കൈപ്പുസ്തകവും പ്രസിദ്ധീകരിച്ചുവരുന്നു.

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ നിയമപാഠത്തെ ആസ്പദമാക്കി ക്വിസ് മത്‌സരം കെൽസ നടത്തിവരുന്നു.

**<u>നിയമബോധനം മാധ്യമങ്ങളിലൂടെ</u>**

ആകാശവാണി കൊച്ചി എഫ്.എം. റേഡിയോയിലൂടെ ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചുള്ള **'നീതിപൂർവ്വം'** എന്ന പരിപാടി ദിവസേന നടത്തി വരുന്നു. ടി പരിപാടി അടിസ്ഥാനമാക്കി **നീതിപൂർവ്വം** എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു.

ദൂരദർശൻ കേന്ദ്രം തിരുവനന്തപുരവുമായി സഹകരിച്ചുകൊണ്ട് **'സാമൂഹ്യപാഠം'** എന്ന പരിപാടിയിലൂടെ മാസത്തിൽ ഒരിക്കൽ പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നു.

ആകാശവാണിയിലൂടെ ആഴ്ചയിൽ ഒരു തവണ **'ഹലോ ആകാശവാണി'**എന്ന പരിപാടിയിലൂടെ നിയമ പ്രശ്നങ്ങൾക്ക് മുപടി നൽകുന്ന പരിപാടി നടന്നു വരുന്നു.

| | | |
|---|---|---|
| (സി) | സമൂഹത്തിലെ പാർശ്വവൽക്കരി ക്കപ്പെട്ടവർക്ക് നിയമസഹായം നൽകുന്നതിനുവേണ്ടി ദേശീയ നിയമ സേവന അതോറിറ്റി (NALSA) ആവിഷ്കരിച്ചിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് കെൽസ ഏറ്റെടുത്ത് നടത്തുന്നത് ; | ദേശീയ നിയമ സേവന അതോറിറ്റിയുടെ (നാൽസ) താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ കെൽസ ഏറ്റെടുത്ത് നടത്തുന്നു.<br>1 ദുരന്തങ്ങൾക്ക് ഇരയായിട്ടുള്ളവർക്കുള്ള നിയമ സേവന അതോറിറ്റിയിലൂടെയുള്ള നിയമ സഹായ പദ്ധതി 2010.<br>2 നാൽസ (മനുഷ്യക്കടത്തലിനും വാണിജ്യപര ലൈംഗിക ചൂഷണത്തിനും ഇരയായ വർക്കും) പദ്ധതി 2015<br>3 നാൽസ (അസംഘടിത മേഖലയിലെ തൊഴി ലാളികളുടെ നിയമ സേവനങ്ങൾ) പദ്ധതി 2015.<br>4 നാൽസ (ശിശു സൗഹൃദ നിയമ സേവന ങ്ങളും അവരുടെ സംരക്ഷണവും) പദ്ധതി 2015<br>5 നാൽസ (മാനസികരോഗവും മാനസിക വൈകല്യവുമുള്ള വ്യക്തി കൾക്കായുള്ള നിയമ സേവനങ്ങൾ) പദ്ധതി 2016<br>6 നാൽസ (ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക ളുടെ ഫലപ്രദമായ നടത്തിപ്പിനായുള്ള) പദ്ധതി 2015<br>7 നാൽസ (ഗോത്രവർഗ്ഗ അവകാശ സംരക്ഷ ണവും നിർവ്വഹണവും) പദ്ധതി 2015.<br>8 നാൽസ (മയക്കുമരുന്നു ദുരുപയോഗത്തിന്റെ ഇരകൾക്കും മയക്ക് മരുന്ന് മൂലമുള്ള വിപ ത്തുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിയമ സഹായങ്ങൾ) പദ്ധതി 2015.<br>9 നാൽസയുടെ (ആസിഡ് ആക്രമണത്തിന് ഇര യായവർക്കുള്ള നിയമ സഹായ പദ്ധതി) 2016<br>10 നാൽസയുടെ (വൃദ്ധ ജനങ്ങൾക്കുള്ള നിയമ സഹായ പദ്ധതി )2016<br>ഇവ കൂടാതെ സാമൂഹ്യമായും സാമ്പത്തി മായും പിന്നാക്കം നിൽക്കുന്ന കുറ്റവാളികളുടെ ആശ്രി തർക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മുൻ എക്സിക്യൂട്ടീവ് ചെയർമാൻ ബഹു.ജസ്റ്റീസ് തോട്ടത്തിൽ ബി.രാധാകൃഷ്ണൻ അവർകളുടെ നിർദ്ദേശ പ്രകാരം 'കുറ്റവാളികളുടെ ആശ്രിതർക്ക് (സാമൂഹികമായും സാമ്പത്തികമായും |

| | | |
|---|---|---|
| | | ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക്) നിയമസഹായം നൽകുന്ന പദ്ധതി, 2017' തയ്യാറാക്കുകയും ആ പദ്ധതി 8.3.2017 ന് ഹൈക്കോടതിയിൽ നടന്ന ചടങ്ങിൽ വെച്ച് നാടിനായി സമർപ്പിക്കുകയും ചെയ്തു. പദ്ധതി പ്രകാരം കുറ്റവാളികളുടെ ആശ്രിതർക്കായി സൗജന്യ നിയമസഹായം നൽകുവാനും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ആശ്രിതർക്ക് കിട്ടേതായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നു. |
| (ഡി) | കെൽസയിൽ നിന്ന് നിയമസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; | നിയമ സേവന അതോറിറ്റി ആക്ട്, 1987 സെക്ഷൻ 12, സെക്ഷൻ 13 പ്രകാരം സൗജന്യ നിയമ സഹായത്തിന് അർഹനായ വ്യക്തി, അർഹത തെളിയിക്കുന്ന രേഖകളുമായി ബന്ധപ്പെട്ട ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി/താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി/ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി എന്നീ സ്ഥാപനങ്ങളെ സമീപിക്കണം. |
| (ഇ) | കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നവെന്ന് വ്യക്തമാക്കാമോ ? | സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനായി വരുമാന പരിധി 1,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.